**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3198** **14-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാരുടെ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാർ മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കാസർ ഗോഡിന്റെ തീരപ്രദേശത്ത് അന്യ സംസ്ഥാന ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീ ഈടാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിന് ശേഷം ഇതര സംസ്ഥാന ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീസ് ഈടാക്കുന്നില്ല. പകരം പ്രസ്തുത ബോട്ടുകളിൽ നിന്നും വാർഷിക പെർമിറ്റ് ഫീസാണ് ഈടാക്കുന്നത് . ടി ഫീസ് ഒടുക്കുന്ന അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കാവുന്നതും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിയ്ക്കാവുന്നതുമാണ് . ഇവർക്ക് തീരക്കടലിൽ മത്സ്യബന്ധനം അനുവദിച്ചിട്ടില്ല . സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25,000/- രൂപയും, പരിഷ്കരിച്ചതും ഇൻബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ളതുമായ ഇൻബോർഡ് വള്ളങ്ങൾക്ക് 15,000/- രൂപയും ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ള മറ്റ് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5,000/- രൂപയും ആണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് . |
| (സി) | ഈ ബോട്ടുകളിൽ നിന്നും നിരോധിത വലകൾ ഉപയോഗിച്ച് കേരള സംസ്ഥാനതീരങ്ങളിലെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേരള സംസ്ഥാന തീരങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 പ്രകാരം അന്യസംസ്ഥാന യാനങ്ങൾ തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ വരെയുള്ള കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. കൂടാതെ പേഴ്സ്-സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ |

| | | | |
|---|---|---|---|
| | | | എന്നിവ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ആക്റ്റ് (KMFR Act) -ന്റെയും കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (KMFR Rule) -ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള വലകളാണ് . കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) ലംഘിച്ച് നിരോധിത വലകളും മറ്റും ഉപയോഗിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാകുന്ന തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളെ ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി കണ്ടുകെട്ടി ഇംമ്പൗണ്ട് ചെയ്തു നിയമ പ്രകാരമുള്ള പിഴ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട് . എല്ലാ ജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പട്രോൾ ബോട്ടും ലൈഫ് ഗാർഡുകളെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിനെയും സജ്ജമാക്കിയിട്ടുണ്ട് . കൂടാതെ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് സ്ഥിരമായി ഒരു എഫ് .ആർ.പി വള്ളവും 2 എഞ്ചിനുകളും മറ്റ് ലൈഫ് സേവിങ്, കമ്യൂണിക്കേഷൻ ഉപകരണങ്ങളും ഉൾപ്പെടെ പട്രോളിങ് / റെസ്ക്യൂ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിയ്ക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട് . |

സെക്ഷൻ ഓഫീസർ